ലഭ്യമാക്കുന്നതിനാവശ്യമായ ബാദ്ധ്യതയില്ലായ്മ സർട്ടിഫിക്കറും അന്തിമ വേതന പത്രവും ബന്ധപ്പെട്ട ട്രഷറിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരേതന്റെ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലുള്ള തുക ആശ്രിതർക്കു ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുകയും ആയതിൽ പരേതന്റെ വിധവയ്ക്ക് അർഹമായ ഓഹരി പിൻവലിച്ചു നല്കുകയും പ്രായപൂർത്തിയാകാത്ത അവകാശികൾക്ക് പ്രോവിഡന്റ് ഫണ്ട് തുകയുടെ ഓഹരി നൽകുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബക്ഷേമ പദ്ധതി പ്രകാരം ടി യാന്റെ ആശ്രിതർക്കു (അവകാശികൾക്ക്) ലഭിക്കുവാനുള്ള തുക ബന്ധപ്പെട്ടവർക്കു ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർവീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കു ജോലി ലഭിക്കുന്ന സ്കീം അനുസരിച്ചു പരേതന്റെ വിധവയുടെ അപേക്ഷ സർക്കാർ പരിഗണിച്ചുവരുന്നു.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് ഫെഡിൽനിന്നും റീ ഫണ്ടു ചെയ്ത തുക

1641. [2463] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിലെ രസീറ്റ് ഫെഡിൽ 1985-86-ലെ അക്കൗണ്ട് ജനറലിന്റെ കണക്കുപ്രകാരം റീ ഫണ്ടു ചെയ്തതായി കാണുന്ന എഴുപത്തി അയ്യായിരത്തിൽപ്പരം രൂപ ആർക്കൊക്കെ എന്തിനുവേണ്ടി ഏത് ആഫീസുകൾ മുഖാന്തിരം റീ ഫണ്ട് നടത്തി എന്നു വ്യക്തമാക്കുമോ ?

ഉത്തരം

രജിസ്ട്രേഷൻ വകുപ്പിന്റെ രസീറ്റ് ഫെഡിൽ 1985-86 കാലങ്ങളിൽ 128 ഉറുപ്പിക മാത്രമേ റീ ഫണ്ട് ചെയ്തിട്ടുള്ളു. ഇത് നടുവണ്ണൂർ സബ്രജിസ്ട്രാറാഫീസിലെ 1983-ലെ 2012-ാം നമ്പർ ആധാരത്തിനു കൂടുതലായി ഈടാക്കിയ വകയിൽ ശ്രീമതി പാത്തുമ്മ ഉമ്മക്ക് 100 ഉറുപ്പികയും ഈ ആഫീസിലെതന്നെ 1984-ലെ 973-ാം നമ്പർ ആധാരം രജിസ്റ്റർ ചെയ്ത വകയിൽ കൂടുതലായി ഈടാക്കിയ 28 ഉറുപ്പിക ശ്രീ. കോയയ്ക്കും റീഫണ്ടു ചെയ്തിട്ടുള്ളതാണ്.

ജി.വി. രാജാ സ്പോർട്ട്സ് സ്കൂളിലെ സൗകര്യങ്ങൾ

1642. [2466] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ജി.വി. രാജാ സ്പോർട്ട്സ് സ്കൂളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ജി.വി. രാജാ സ്പോർട്ട്സ് സ്കൂളിലെ ഹോസ്റ്റൽ സൗകര്യങ്ങൾ, ഭക്ഷണക്രമം, പഠന സൗകര്യങ്ങൾ എന്നിവയെല്ലാം പിന്നോക്ക നിലവാരത്തിലാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഈ സ്പോർട്ട്സ് സ്കൂളിന് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ പ്രതിവർഷം എത്ര രൂപ ഗ്രാന്റ് നൽകും ; 1985-86 വർഷത്തിൽ എത്ര ഗ്രാന്റായി കിട്ടി ;

LIBRARY ARCHIVES Kerala Legislative Assembly